LIBRARY ARCHIVES Kerala Legislative Assembly

സൈബർ ഡോം പദ്ധതി

98(5684) ശ്രീ. വി. എസ്. സുനിൽ കുമാർ :
ശ്രീ. കെ. രാജു :
ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സൈബർ ഡോം പദ്ധതിയുടെ പ്രവർത്തന രീതി വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയിൽ പൊതുജനങ്ങളെ കൂടി പങ്കാളികളാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ&ബി) സൈബർ കുറ്റകൃത്യങ്ങൾ ശാസ്ത്രീയമായ രീതിയിൽ കൈകാര്യം ചെയ്യുന്നതിനായി പൊതു-സ്വകാര്യ പങ്കാളിത്തത്തോടുകൂടി (പബ്ലിക്-പ്രൈവറ്റ് പാർട്ട്ണർഷിപ്പ്) ആരംഭിക്കുന്ന പദ്ധതിയാണ് സൈബർ ഡോം. പദ്ധതിക്ക് ആവശ്യമായ സാധന സാമഗ്രികളും സെന്ററിന്റെ വികസനത്തിനാവശ്യമായ തുകയും പോലീസ് ഡിപ്പാർട്ട്മെന്റ് വഹിക്കണമെന്നും ഐ.റ്റി. കമ്പനികളിലെ പ്രാവീണ്യമുള്ള ഉദ്യോഗസ്ഥർ, സൈബർ കുറ്റകൃത്യങ്ങൾ അന്വേഷിക്കുന്നതിന് പുതിയ സോഫ്റ്റ് വെയർ വികസിപ്പിക്കുന്നതിനാവശ്യമായ സഹായം പോലീസുദ്യോഗസ്ഥർക്ക് നൽകണമെന്നും ഈ പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നു. ഐ.ടി. കമ്പനിയിലെ ഉദ്യോഗസ്ഥരല്ലാതെ മറ്റു പൊതുജനങ്ങൾ ഈ പദ്ധതിയിൽ പങ്കാളികളാകുന്ന രീതിയിലല്ല ഈ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്.

ജില്ലാ ക്രൈംബ്രാഞ്ചുകളുടെ പ്രവർത്തനം

99(5685) ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. വർക്കല കഹാർ :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജില്ലാ ക്രൈംബ്രാഞ്ചുകളുടെ പ്രവർത്തനത്തിന് തുടക്കം കുറിച്ചിട്ടുണ്ടോ :

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ?